بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 15.07.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യൂ.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 26

اَشْهَدُ اَنْ لَّاۤاِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًاعَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاکَ
نَعْبُدُ وَاِيَّاکَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

മുർത്തദ്ദീങ്ങളായ കലാപക്കാരിക്കൾക്കെതിരിൽ മുസ്‌ലിംകൾ ചെയ്ത കാര്യങ്ങളെ കുറിച്ചാണ് പരാമർശിച്ചിരുന്നത്. സൻആയിൽ ഹദ്റത് മുഹാജിറിന് കലാപക്കാരിക്കൾക്കെതിരിൽ സ്ഥൈര്യം കിട്ടുകയും കാലുകൾ ഉറക്കുകയും ചെയ്തപ്പോൾ അദ്ദേഹം ഹദ്റത് അബൂബക്കർ(റ)നെ കത്ത് മുഖേന തന്റെ എല്ലാ നീക്കങ്ങളെയും കുറിച്ച് അറിയിച്ചു. ഹദ്റത് അബൂബക്കർ മആദ് ബിൻ ജബലിനും അദ്ദേഹത്തോടൊപ്പം മറ്റു കൈകാര്യകർത്താക്കൾക്കും യമനിൽ തന്നെ നില്കുന്നതിനോ അല്ലെങ്കിൽ (മറ്റാരെയെങ്കിലും നിയമിച്ച ശേഷം) മദീനയിലേക്ക് തിരിച്ച് വരാനോ ഉള്ള സ്വാതന്ത്ര്യം നല്കി. അനുവാദം കിട്ടിയ ശേഷം എല്ലാവരും മദീനയിലേക്ക് പോയി. ഹദ്റത് മുഹാജിറിനു കിട്ടിയ കൽപന, ഇക്‌രിമയെ കാണാനും പിന്നെ രണ്ടു പേരുംകൂടി ഹദ്റേമൗത്തിൽ എത്തണം എന്നും സിയാദ് ബിൻ ലബീദിനെ സഹായിക്കണം എന്നുമായിരുന്നു. സിയാദ് മുഹാജിറിനെ പ്രതീക്ഷിച്ചിരുന്നതു കൊണ്ട് കിന്ദ ഗോത്രത്തിലെ മതപരിത്യാഗികൾക്കും സകാത്ത് നിഷേധികൾക്കുമെതിരിൽ എന്തെങ്കിലും നടപടി എടുക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുകയുണ്ടായി. ഈ നിർദേശ പ്രകാരം ഹദ്റത് മുഹാജിർ ബിൻ അബൂഉമയ്യ(റ) സൻആയിൽ നിന്നും ഹദ്റത് ഇക്‌രിമ അബിയനിൽ നിന്നും ഹദ്റേ മൗത്ത് ലക്ഷ്യമാക്കി പുറപ്പെട്ടു. മആരിബ് എന്ന സ്ഥലത്ത് അവർ രണ്ടു പേരും കണ്ടുമുട്ടി.

കിന്ദ നിവാസിയായ ഒരു യുവാവ് ഹദ്റത് സിയാദിന് അബദ്ധവശാൽ തന്റെ സഹോദരന്റെ ഒട്ടകത്തെ സക്കാത്ത് ആയി കൊടുത്തിട്ടുണ്ടായിരുന്നു. ഹദ്റത് സിയാദ് അതിനുമേൽ തീ കൊണ്ട് സകാത്തിന്റെ അടയാളമിട്ടു(കൊണ്ട് അത് ബൈത്തുൽ മാലിന്റെയാണെന്നു സീൽ വെച്ചു). ആ ചെറുപ്പക്കാരൻ ഒട്ടകം മാറ്റുന്നതിന് വേണ്ടി പറഞ്ഞു: പക്ഷെ ഹദ്റത് സിയാദ് (അയാൾ ഉപായം മെനയുകയാണെന്നു കരുതി.) സമ്മതിച്ച് കൊടുത്തില്ല. അപ്പോൾ അയാൾ തന്റെ ഗോത്രക്കാരെയും അബൂസമീദിനെയും സഹായത്തിന് വിളിച്ചു. അവർ ഒട്ടകത്തെ ബലം പ്രയോഗിച്ച് അഴിച്ചു മാറ്റി. അപ്പോൾ ഹദ്റത് സിയാദ്, അബൂസമീദിനെയും കൂട്ടുകാരെയും ബന്ദികളാക്കി. ഒട്ടകത്തെയും ഏറ്റെടുത്തു. അവർ മറ്റു ഗോത്രക്കാരേയും സഹായത്തിനു വേണ്ടി വിളിച്ചു. അങ്ങനെ അബൂസമീദിന്റെ സഹായത്തിനുവേണ്ടി വന്ന ബനൂ മുആവിയയെ ആക്രമിക്കുകയും അവരുടെ നിരവധി ആളുകളെ വധിക്കുകയും ചെയ്തു. കുറെ ആളുകൾ അവിടെ നിന്ന് ഓടിപ്പോയി. ഹദ്റത് സിയാദ് അവരുടെ ബന്ദികളെ മോചിപ്പിച്ചു. എന്നാൽ അവർ തിരിച്ച് പോയി യുദ്ധത്തിന് തയ്യാറെടുക്കുകയാണ് ഉണ്ടായത്. അങ്ങനെ ബനൂ അംറ്, ബനൂ ഹാരിസ്, അശ്അസ് ബിൻ ഖൈസ്, സിമത് ബിൻ അസ്‌വദ് തങ്ങളുടെ കേന്ദ്രങ്ങളിൽ പോയി സക്കാത്ത് കൊടുക്കാൻ വിസമ്മതിക്കുകയും മുർത്തദ്ദീങ്ങളാകുകയും ചെയ്തു. അപ്പോൾ ഹദ്റത് സിയാദ് ബനൂ അംറിനെ ആക്രമിച്ചു; അവരുടെ നിരവധി ആളുകൾ കൊല്ലപ്പെട്ടു. നിരവധി ആളുകളെ ഹദ്റത് സിയാദ് ബന്ധനസ്ഥരാക്കി മദീനയിലേക്കയച്ചു. വഴിയിൽ അശ്അസും ബനൂ ഹാരിസും ആക്രമണം നടത്തി മുസ്‌ലിംകളിൽ നിന്ന് തങ്ങളുടെ ബന്ദികളെ മോചിപ്പിച്ചു. ഈ സംഭവത്തെ തുടർന്ന് ചുറ്റുപാടുമുള്ള നിരവധി ഗോത്രങ്ങളും അവരോടൊപ്പം ചേർന്ന് മുർത്തദ്ദ് ആകുകയാണെന്നു വിളംബരപ്പെടുത്തി.

കിന്ദക്കാർ പിന്തിരിഞ്ഞു ഓടുകയും (ഹദ്റേമൗത്തിന് അടുത്തുള്ള) നുജൈർ എന്ന സ്ഥലത്തുള്ള തങ്ങളുടെ ഒരു കോട്ടയിൽ അഭയം തേടുകയുമുണ്ടായി. ഹദ്റത് സിയാദിന്റേയും ഹദ്റത് മുഹാജിറിന്റേയും സൈന്യം മുഹാജിരീങ്ങളും അൻസാരീങ്ങളുമായ സഹാബാക്കളും മറ്റു ഗോത്രക്കാരും ഉൾപ്പെട്ട അയ്യായിരം പേരുടേതായിരുന്നു. നുജൈർ കോട്ടയിലെ ആളുകൾ മുസ്‌ലിംകളുടെ ഇത്രയും വലിയ സൈന്യത്തെ കണ്ടപ്പോൾ ഭയപ്പെടുകയും അങ്ങനെ അവരുടെ നേതാവ് അശ്അസ്, ഹദ്റത് മുഹാജിറിന്റെ അടുക്കലെത്തി തനിക്കും തന്റെ ഒൻപത് കൂട്ടുകാർക്കുംവേണ്ടി ഒരു നിബന്ധനയുടെ അടിസ്ഥാനത്തിൽ രക്ഷായാജന നടത്തി; കോട്ടയുടെ വാതിൽ തുറന്നു. ഇരുകൂട്ടർക്കും ഇടയിൽ ഉണ്ടായ ശക്തമായ യുദ്ധത്തിൽ മുസ്‌ലിംകൾക്ക് വിജയം ലഭിച്ചു.

ഹദ്റത് ഇക്‌രിമ വിജയവാർത്തയും ബന്ധികളുമായി ഹദ്റത് അബൂബക്കർ(റ)ന്റെ സവിധത്തിലെത്തി. ഹദ്റത് അബൂബക്കർ(റ) എല്ലാ ബന്ദികളെയും മോചിപ്പിച്ചു.

ഹദ്റത് ഉമർ(റ)ന്റെ കാലത്തെ ഇറാഖ് ശാം യുദ്ധങ്ങളിൽ അശ്അസും പങ്കെടുക്കുകയും നല്ല പ്രകടനം കാഴ്ചവെക്കുകയുമുണ്ടായി. അങ്ങനെ അദ്ദേഹത്തിന്റെ അന്തസ്സ് ഒന്നുകൂടി ഉയർന്നു. ചുരുക്കത്തിൽ പൂർണമായും സമാധാനം സ്ഥാപിക്കപ്പെടുകയും ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അടിത്തറ സുശക്തമാകുകയും ചെയ്യുന്നതുവരെ ഹദ്റത് മുഹാജിറും ഇക്‌രിമയും ഹദ്റേ മൗത്തിലും കിന്ദയിലും തന്നെ താമസിക്കുകയുണ്ടായി. മുർത്തദ്ദീങ്ങളായ കലാപകാരികളുമായിട്ടുള്ള അവസാനത്തെ യുദ്ധമായിരുന്നു ഇത്. അതിനുശേഷം അറേബ്യയിൽനിന്ന് കലാപം പൂർണമായും ഇല്ലാതായി. എല്ലാ ഗോത്രങ്ങളും ഇസ്‌ലാമിക ഭരണത്തിന്റെ ആശ്രിതരായി മാറി.

(വ്യാജ നുബുവ്വത്ത് വാദികളോട് സഹാബാക്കൾ എന്തുകൊണ്ടാണ് യുദ്ധം ചെയ്തത് എന്നതിനെ വിശദീകരിച്ചുകൊണ്ട്) ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) വിശദീകരിക്കുന്നു: മൗലാനാ മൗദൂദി സാഹിബ് എഴുതിയത്, സഹാബാക്കൾ റസൂൽ തിരുമേനി(സ)നുശേഷം നുബുവ്വത്ത് വാദിച്ച ഓരോരുത്തർക്കുമെതിരിൽ യുദ്ധം ചെയ്തു എന്നാണ്. ഇത് സഹാബാക്കളുടെ വാക്കുകൾക്കെതിരാകുന്നു. (അവർ എല്ലാവരും തന്നെ ഇസ്‌ലാമിക ഭരണകൂടത്തിനെതിരിൽ കലാപമുണ്ടാക്കിയവരും യുദ്ധം പ്രഖ്യാപിച്ചവരും ആയിരുന്നു.) മൗലാനാ സാഹിബ് ഇസ്‌ലാമിക സാഹിത്യങ്ങളുടെ വായനയിൽ വലിയ വാദമുള്ളയാളാണ്. അദ്ദേഹം ഇത് സംബന്ധിച്ച് തന്റെ അഭിപ്രായം വെളിപ്പെടുത്തുന്നതിന് മുമ്പേ ഇസ്‌ലാമിക ചരിത്രം നോക്കിയിരുന്നെങ്കിൽ അദ്ദേഹത്തിന്, മുസൈലിമ കദ്ദാബ്, അസ്‌വദ് അൻസി, സജാഹ് ബിൻത് ഹാരിസ്, തുലൈഹ ബിൻ ഖുവൈലിദ് അസദി തുടങ്ങി എല്ലാവരും മദീന ഭരണകൂടത്തെ ധിക്കരിച്ചവരും താന്താങ്ങളുടെ പ്രദേശങ്ങളിൽ സ്വന്തം ഭരണകൂടങ്ങൾ പ്രഖ്യാപിച്ചവരുമായിരുന്നു എന്ന് മനസ്സിലാകുമായിരുന്നു. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: സ്വഹാബാക്കൾ യുദ്ധം ചെയ്തത് ഭരണകൂടത്തിനെതിരിൽ കലാപമുണ്ടാക്കിയവരോടായിരുന്നു. അവർ ടാക്സ് കൊടുക്കാൻ വിസമ്മതിക്കുകയും മദീനയെ ആക്രമിക്കുകയും ചെയ്തു. ഇസ്‌ലാമിക ചരിത്രത്തെ വളച്ചൊടിച്ച് സമർപ്പിക്കുന്നവർ ഇസ്‌ലാമിനെ സേവിക്കുക അല്ല ചെയ്യുന്നത്. അവരുടെ ലക്ഷ്യം ഇസ്‌ലാമിക സേവനമാണെങ്കിൽ അവർ സത്യത്തെ ഏറ്റവുമധികം മുന്തിക്കേണ്ടതും തെറ്റായ വിശദീകരണത്തിൽ നിന്നും സംഭവങ്ങളെ വളച്ചൊടിച്ച് സമർപ്പിക്കുന്നതിൽ നിന്നും പൂർണമായും വിട്ടുനിൽക്കേണ്ടതുമാണ്.

ഒരു ചരിത്രകാരൻ എഴുതുന്നു: ഇപ്പോൾ അറേബിയയിൽ എല്ലാ കലാപങ്ങളും അവസാനിച്ചിരിക്കുന്നു. സകല മുർത്തദ്ദീങ്ങളെയും ശിക്ഷിക്കുകയുണ്ടായി. ഹദ്റത് അബൂബക്കർ(റ) രാജ്യവ്യാപകമായ ഫിത്നയെ ആസൂത്രണ ബന്ധിതതമായും ത്വരിതഗതിയിലും ഇല്ലാതാക്കിയ അദ്ദേഹത്തിന്റെ ഉന്നതമായ കഴിവുകളെ വെളിപ്പെടുത്തുന്നു. എങ്ങനെയാണ് ഓരോ ചുവടിലും അദ്ദേഹത്തിന് ദൈവീക സഹായം ലഭ്യമായത് എന്ന് വ്യക്തമായും മനസ്സിലാകുന്നു. ഒരു വർഷത്തിനുള്ളിൽ മുർത്തദ്ദീങ്ങളുടെയും കലാപകാരിയകളുടെയും ഫിത്നയെ നിയന്ത്രിച്ചുകൊണ്ട് അറേബിയയിൽ ഇസ്‌ലാമിക ഭരണത്തെ വീണ്ടും സ്ഥാപിച്ചത് ഒരു അത്ഭുതാവഹമായ കൃത്യനിർവഹണമാണ്. ഹദ്റത് അബൂബകക്കർ(റ)നു ഇസ്‌ലാമിന്റെ വിജയത്തിൽ ഏറെ സന്തോഷമുണ്ടായിരുന്നു. പക്ഷെ, ഈ സന്തോഷത്തിൽ അഹങ്കാരത്തിന്റെ ലാഞ്ഛനപോലും ഇല്ലായിരുന്നു. കാരണം ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുംകൊണ്ടാണ് സംഭവിച്ചത് എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. വിരലിലെണ്ണാവുന്ന മുസ്‌ലിംകളുമായി മുഴുവൻ അറേബിയയിലും ഉണ്ടായിരുന്ന മുർത്തദ്ദീങ്ങളുടെ ശക്തമായ സൈന്യത്തെ എതിർത്ത് തോൽപ്പിച്ചക്കോണ്ട് ഇസ്‌ലാമിന്റെ പതാക വളരെ പ്രതാപത്തോടുകൂടി വീണ്ടും ഉയർത്താൻ അദ്ദേഹത്തിന് ശക്തി ഉണ്ടായിരുന്നില്ല.

(തുടർന്ന് ഹദ്റത് അബൂബക്കർ ദീനിന്റെ ഏകത്വത്തെ ശക്തിപ്പെടുത്താനും ഇസ്‌ലാമിനെ അഭ്യുന്നതിയിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.) മുർത്തദ്ദീങ്ങളായ കലാപകാരികളോടുള്ള യുദ്ധങ്ങളും സൈനീക നീക്കങ്ങളും അവസാനിച്ച ശേഷം തുടർന്നുള്ള നീക്കങ്ങളിൽ ഹദ്റത് അബൂബക്കർ(റ) അറേബിയയുടെയും ഇസ്‌ലാമിന്റേയും അതിപുരാതന ശത്രുക്കളായ ഇറാൻ, റോമൻ സാമ്രാജ്യങ്ങളിൽനിന്ന് സ്ഥായിയായ സംരക്ഷണത്തിനുവേണ്ടി എന്ത് പ്രവർത്തന രൂപരേഖയാണ് പ്രാവർത്തികമാക്കേണ്ടത് എന്നതിനെ കുറിച്ച് ഹദ്റത് അബൂബക്കർ ചിന്താമഗ്നനായി. കാരണം നബി(സ)ന്റെ ജീവിതകാലത്ത് തന്നെ ഈ രണ്ടു ശക്തികളും അറേബിയയെ തങ്ങളുടെ കീഴിലാക്കാൻ ആഗ്രഹിച്ചിട്ടുണ്ടായിരുന്നു. നബി(സ) വഫാത്തായപ്പോൾ നിരവധി പ്രദേശങ്ങളിലും ഗോത്രങ്ങളിലും ഉണ്ടായ മതനിരാസത്തിന്റേയും കലാപത്തിന്റേയും അഗ്നി മദീനയിലെ ഭരണകൂടത്തെയും വലയം ചെയ്തിട്ടുണ്ടായിരുന്നു. ഈ സന്ദർഭത്തെ മുതലെടുത്തുകൊണ്ട് ഹിർഖിലിന്റെ സൈന്യം ശാമിലും ഇറാനിയൻ സൈന്യം ഇറാഖിലും ഒരുമിച്ചുകൂടാൻ തുടങ്ങി.

(ഹദ്റത് അബൂബക്കർ(റ) റസൂൽ തിരുമേനി(സ)യുടെ നിർദേശമനുസരിച്ച് നേരത്തെ തന്നെ റോമക്കാർക്കെതിരിൽ ആദ്യസൈന്യത്തെ ഹദ്റത് ഉസാമയുടെ നേതൃത്വത്തിൽ അയച്ചിട്ടുണ്ടായിരുന്നു. യമാമയിലായിരുന്ന ഹദ്റത് ഖാലിദ് ബിൻ വലീദ്(റ)നെ ഹദ്റത് അബൂബക്കർ(റ) മദീനയിലേക്ക് വിളിപ്പിച്ച് ഇറാഖിലേക്ക് സൈനീക നീക്കം നടത്തണമെന്ന ഹദ്റത് മുസ്നയുടെ അഭിപ്രായത്തെ മുന്നിൽ വെക്കുകയുണ്ടായി.

ഹദ്റത് ഖാലിദ് ബിൻ വലീദ്(റ) തന്റെ അഭിപ്രായം സമർപ്പിച്ചപ്പോൾ മറ്റു സഹാബാക്കളും ഹദ്റത് മുസ്നയുടെ അഭിപ്രയങ്ങൾ സ്വീകരിച്ചു.) ഹദ്റത് അബൂബക്കർ(റ) ഖാലിദ് ബിൻ വലീദ്(റ)നോട് കൽപിച്ചു: ഹദ്റത് മുസന്നയെ സഹായിക്കാൻ ഒരു സൈന്യത്തോടൊപ്പം ഇറാഖിലേക്ക് പോകുക. ജനങ്ങളെ തങ്ങളുടെ കൂടെ കൂട്ടുക. അവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും ചെയ്യുക. അവർ അത് സ്വീകരിക്കുന്നെങ്കിൽ നല്ലത്. ഇല്ലെങ്കിൽ അവരിൽ നിന്ന് ജിസ്‌യ വാങ്ങുക. അവർ ജിസ്‌യ നല്കാൻ വിസമ്മതിച്ചാൽ അവരോട് യുദ്ധം ചെയ്യുക.

സൈന്യത്തിലെ വലിയ ഒരു ഭാഗം യമാമ യുദ്ധത്തിൽ പങ്കെടുത്തിരുന്നതിനാൽ ഖാലിദ് ബിൻ വലീദിന്റെ സൈന്യത്തിൽ സൈന്യബലം കുറവായിരുന്നു. അപ്പോൾ ഹദ്റത് അബൂബക്കർ(റ) അദ്ദേഹത്തിന് കൊടുത്ത നിർദേശം, ആരെയും ഇറാഖിൽ പോകാൻ നിർബന്ധിക്കരുത് എന്നായിരുന്നു. മുൻകാലത്ത് മുർത്തദ് ആയ ആളുകൾ അവർ വീണ്ടും ഇസ്‌ലാമിൽ വന്നവരാണെങ്കിൽ പോലും ഖലീഫയിൽനിന്ന് പ്രത്യേക അനുമതി വാങ്ങിക്കൊണ്ടല്ലാതെ അവരെ ഇസ്‌ലാമിക സൈന്യത്തിൽ ചേർക്കരുത്. ഹദ്റത് ഖാലിദ്(റ), ഹദ്റത് അബൂബക്കർ(റ)ന്റെ സവിധത്തിൽ കൂടുതൽ സൈന്യത്തെ സഹയത്തിനായി അയക്കാൻ അപേക്ഷിച്ചപ്പോൾ ഖഅ്ഖാഅ് ബിൻ അംറ് എന്ന ഒരു വ്യക്തിയെ മാത്രം അയച്ചുകൊടുത്തു. ജനങ്ങൾ (കേവലം ഒരാളെയാണോ അയക്കുന്നത് എന്ന്) വളരെ ആശ്ചര്യപ്പെട്ട് ചോദിച്ചപ്പോൾ ഹദ്റത് അബൂബക്കർ(റ) മറുപടിയായി പറഞ്ഞു: ഖഅ്ഖാഅ് ഉൾപ്പെടുന്ന സൈന്യം പരാജയപ്പെടുക സാധ്യമല്ല. അതിൽ ഇങ്ങനെയും എഴുതിയിട്ടുണ്ടായിരുന്നു, നബി(സ)ന്റെ കാലം മുതൽ ഇസ്‌ലാമിൽ തുടർന്ന് വരുന്നവരെയും മുർത്തദ്ദീങ്ങൾക്കെതിരിൽ യുദ്ധത്തിൽ പങ്കെടുത്തവരെയും നിങ്ങളുടെ സൈന്യത്തിൽ ചേരാൻ പ്രേരിപ്പിക്കുക. ഈ കത്ത് കിട്ടിയപ്പോൾ ഹദ്റത് ഖാലിദ്(റ) തന്റെ സൈന്യത്തെ ക്രമീകരിക്കാൻ തുടങ്ങി.

ഇറാഖിലെ കൃഷിക്കാരെ സംബന്ധിച്ച് ഹദ്റത് അബൂബക്കർ(റ) യുക്തിഭദ്രമായ നീക്കങ്ങളെ കുറിച്ച് എഴുതുന്നു, അറേബിയക്കാർ ഇറാഖിന്റെ ഭൂമിയിൽ കൃഷിപ്പണി ചെയ്തിരുന്നു. (വിളവ് തയ്യാറാകുമ്പോൾ ഭൂരിഭാഗവും ഇറാനിലെ ജന്മികൾക്കാണ് ലഭിച്ചിരുന്നത്.) ഈ ഭൂവുടമകൾ സാധുക്കളായ അറബികളെ ഒരുപാട് ദ്രോഹിച്ചിരുന്നു. അവരോട് അടിമകളേക്കാൾ മോശമായ രീതിയിലാണ് പെരുമാറിയിട്ടുണ്ടായിരുന്നത്. ഹദ്റത് അബൂബക്കർ(റ) ഇറാഖിലെ തന്റെ സൈനീകരോട് പറഞ്ഞു: യുദ്ധത്തിനടിയിൽ ഈ അറേബിയൻ കർഷകർക്ക് യാതൊരു പ്രയാസവും ഉണ്ടാക്കരുത്. അവരോട് ഒരിക്കലും മോശമായി പെരുമാറരുത്. അവിടെയും അറബികളുടെ രാജ്യം സ്ഥാപിക്കപ്പെടുകയാണെങ്കിൽ അവരുടെ മർദിത ജീവിതം അവസാനിക്കുമെന്ന് അവരെ ഓർമിപ്പിക്കേണ്ടതാണ്. അങ്ങനെ അവർക്ക് തങ്ങളുടെ ആളുകൾ കാരണം യഥാർത്ഥ നീതിയും ന്യായവും അനുവദനീയമായ സ്വാതന്ത്ര്യവും സമത്വവും ലഭിക്കുന്നതാണ്. ഹദ്റത് അബൂബക്കർ(റ)ന്റെ ഈ യുക്തിഭദ്രമായ നീക്കം മുസ്‌ലിംകൾക്ക് ഒരുപാട് ഉപകാരപ്പെട്ടു. അവരുടെ വിജയവീഥികളിൽ ഒരുപാട് എളുപ്പമുണ്ടായി. മുമ്പോട്ടുള്ള നീക്കത്തിൽ പിന്നിൽ നിന്ന് ആക്രമണം ഉണ്ടാകും എന്ന ആശങ്ക അകലുകയും ചെയ്തു.

ഏതായിരുന്നാലും പിന്നെ നടന്ന യുദ്ധങ്ങളേയും ലഭിച്ച വിജയങ്ങളേയും കുറിച്ചുള്ള അനുസ്മരണം തുടരുന്നതാണ്. ഇൻശാ അല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Mubarak Mosque, Islamabad, UK – on 15.07.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**